# Desabhimani
# 21 August 2018
# Alappuzha; 3 More Death , Flood



## ആലപ്പുഴയിൽ ഇന്ന് 3 മരണംകൂടി

**ആലപ്പുഴ**

മഴക്കെടുതിയിൽ തിങ്കളാഴ്ച മൂന്നുപേർ കൂടി ആലപ്പുഴ ജില്ലയിൽ മരിച്ചു. ചെന്നിത്തല ഓരിപ്പുറം വിനു ഭവനിൽ പരമേശ്വരൻ പിള്ള (70), രക്ഷാപ്രവർത്തനത്തിനിടെ കാണാതായ തൃപ്പെരുന്തുറ നാമങ്കേരിൽ പുത്തൻ വീട്ടിൽ അപ്പുകുട്ടൻ - ലീല ദമ്പതികളുടെ മകൻ അനീഷ് (30), തൃപ്പെരുന്തുറ ഇഞ്ചിക്കത്തറ കോളനി (കാവിൽ) യിൽ വാസുദേവന്റെയും - കുട്ടിപ്പെണ്ണിന്റെയും മകൻ മോഹനൻ (59) എന്നിവരാണ് മരിച്ചത്. ഇതിൽ പരമേശ്വരൻ പിള്ള വെള്ളം കയറിയ വീട്ടിൽ സ്വിച്ച് ഇട്ടപ്പോൾ ഷോക്കേറ്റ് മരിക്കുകയായിരുന്നു. രക്ഷാപ്രവർത്തനത്തിനിടയിൽ ഒഴുക്കിൽപ്പെട്ട് കാണാതായ അനീഷിന്റെയും മോഹനന്റെയും മൃതദേഹങ്ങൾ ചെന്നിത്തല രണ്ടാം ബ്ലോക്ക് പാടശേഖരത്തിൽ നിന്നാണ് കണ്ടെത്തിയത്.

പഞ്ചാബിൽ കരസേന വിഭാഗത്തിൽ 13 വർഷമായി ജോലി ചെയ്യുന്ന അനീഷ് അവധിക്ക് വന്നപ്പോഴായിരുന്നു രക്ഷാപ്രവർത്തനത്തിലേർപ്പെട്ടത്. വാഴക്കൂട്ടം കടവിനു പടിഞ്ഞാറുവശത്ത് 18 ന് വൈകിട്ട് അഞ്ചോടെയായിരുന്നു അപകടം. അനീഷിന്റെ ഭാര്യ:സേതു. മകൻ. സിദ്ധു. മോഹനന്റെ ഭാര്യ: സരള. മക്കൾ: ദിവ്യ, ദീപു. പരമേശ്വരന്റെ ഭാര്യ: ശാന്തമ്മാൾ. മക്കൾ: വിജയമ്മ, വിജയൻ പിള്ള, വിമല, വിനു. മരുമക്കൾ: ഗോപി, രാധാകൃഷ്ണൻ, ഗീത, ശ്രീദേവി.